ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:01.08.2024**

## പ്രധാനവാർത്തകൾ

1). **വയനാട്ടിലെ ഉരുൾപൊട്ടലിൽ രക്ഷാപ്രവർത്തനം ഊർജ്ജിതം; ബെയ്‌ലി പാലം ഉടൻ പ്രവർത്തന ക്ഷമമാകും; തിരച്ചിലിന് വേഗം കൂട്ടാൻ കൂടുതൽ യന്ത്രങ്ങൾ സജ്ജം.**

2). **ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ വയനാട് കളക്ടറേറ്റിൽ സർവ്വകക്ഷി യോഗം.**

3). **ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും ഇന്ന് വയനാട്ടിൽ.**

4). **ഉരുൾപൊട്ടൽ മേഖലയിലേക്കുള്ള അനാവശ്യ സന്ദർശനങ്ങൾ ജനങ്ങൾ ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ച് സംസ്ഥാന സർക്കാർ.**

5). **സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്; ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത; കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.**

===================================

RNU TVPM

**വയനാട് - ജനറൽ**

വയനാട്ടിലെ ഉരുൾപൊട്ടലിൽ കൈ - മെയ് മറന്നുള്ള രക്ഷാപ്രവർത്തനം പുരോഗമിക്കുന്നു. കരസേനയും, നാവികസേനയും, ദേശീയ, സംസ്ഥാന ദുരന്തനിവാരണ സേനകളും, ഫയർഫോഴ്സും, പോലീസും, സന്നദ്ധപ്രവർത്തകരും, നാട്ടുകാരും ചേർന്നാണ് മേഖലയിൽ രക്ഷാപ്രവർത്തനം നടത്തുന്നത്. മുണ്ടക്കൈയിൽ സൈന്യത്തിൻറെ നേതൃത്വത്തിൽ നിർമിക്കുന്ന ബെയ്‌ലി പാലം ഉടൻ പ്രവർത്തനക്ഷമമാകും. പാലത്തിൻ്റെ നിർമ്മാണ പുരോഗതി മന്ത്രിമാരായ കെ.രാജനും എ.കെ ശശീന്ദ്രനും നേരിട്ട് വിലയിരുത്തി. ബെയ്‌ലി പാലം നാടിന് സമർപ്പിക്കുന്നതായി സൈന്യം അറിയിച്ചു. പാലം പൂർത്തിയാകുന്നതോടെ രക്ഷാപ്രവർത്തനം ദ്രുതഗതിയിലാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. രക്ഷാ ദൗത്യം വേഗത്തിലാക്കാൻ ഇന്ന് കൂടുതൽ യന്ത്രങ്ങളും എത്തിച്ചിട്ടുണ്ട്.

**വയനാട്ടിൽ നിന്നും രക്ഷാ പ്രവർത്തനത്തിന്റെ**
**വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി**
**അരുൺ വിൻസെന്റ്.......**

**( വോയിസ്......... )**

====================================

**വയനാട് - കണക്ക്**

വയനാട് ദുരന്തത്തിൽ മരിച്ച 260 പേരുടെ ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കിയതായി പോലീസ് അറിയിച്ചു. ഇതിൽ 99 മൃതദേഹങ്ങൾ തിരിച്ചറിഞ്ഞിട്ടില്ല. 86 ശരീര ഭാഗങ്ങളും തിരിച്ചറിയാനുണ്ട്. ഇരുനൂറോളം പേരെ ഇനിയും കണ്ടെത്താനുണ്ടെന്നാണ് വിവരം. ജില്ലയിലാകെ നിലവിൽ 82 ദുരിതാശ്വാസ ക്യാമ്പുകളിലായി എണ്ണായിരത്തിലേറെ ആളുകളാണുള്ളത്.

PNU TVPM

=====================================

**മലപ്പുറം - വയനാട്**

വയനാട് ദുരന്തത്തിൽപെട്ടവർക്കായുള്ള തിരച്ചിൽ ചാലിയാറിൽ പുനരാരംഭിച്ചു. ഈ മേഖലയിൽ നിന്ന്, ഇന്നും മൃതദേഹാവശിഷ്ടങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ ലഭിച്ച മൃതദേഹങ്ങൾ ബന്ധുക്കൾക്ക് തിരിച്ചറിയുന്നതിനായി നിലമ്പൂർ ജില്ലാ ആശുപത്രിയിൽ നിന്ന് വയനാട്ടിലേക്ക് എത്തിച്ചിരുന്നു. അതിനിടെ, മലപ്പുറം കുഴിമണ്ണയിൽ പത്തോളം കുടുംബങ്ങളെ മണ്ണിടിച്ചിൽ ഭീഷണി മൂലം മാറ്റി താമസിപ്പിച്ചു.

=====================================

**മുഖ്യമന്ത്രി-സർവകക്ഷിയോഗം**

ഉരുൾപൊട്ടൽ ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ വയനാട് കളക്ടറേറ്റിൽ സർവ്വകക്ഷി യോഗം പുരോഗമിക്കുന്നു. വയനാട്ടിൽ ക്യാമ്പ് ചെയ്യുന്ന മന്ത്രിമാർ, ജില്ലയിലെ എം.എൽ.എമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് രാഷ്ട്രീയ പാർട്ടി നേതാക്കൾ എന്നിവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ മന്ത്രിമാരും ഉദ്യോഗസ്ഥരും പങ്കെടുത്ത അവലോകന യോഗവും നടന്നു. ദുരിതാശ്വാസ ക്യാമ്പുകളിലും ആശുപത്രികളിലുമായി കഴിയുന്നവരെ മുഖ്യമന്ത്രി സന്ദർശിക്കും.

RNU TVPM

=====================================

**രാഹുൽഗാന്ധി - വയനാട്**

ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും ഇന്ന് വയനാട്ടിൽ. ദുരിതാശ്വാസ ക്യാംപുകളിലും ആശുപത്രികളിലും കഴിയുന്നവരെ അദ്ദേഹം സന്ദർശിക്കും. കോൺഗ്രസ് നേതാക്കളായ കെ.സി വേണുഗോപാൽ, പ്രിയങ്ക ഗാന്ധി എന്നിവരും രാഹുൽ ഗാന്ധിക്കൊപ്പമുണ്ട്.

==================================

**മുഖ്യമന്ത്രി - ദുരിതാശ്വാസ നിധി**

വയനാട് ഉരുൾപൊട്ടൽ ദുരന്ത ബാധിതർക്കുള്ള സഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കഴിയുന്നവരെല്ലാം സംഭാവന നൽകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർത്ഥിച്ചു. നാടിനെ പുനർ നിർമ്മിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്തമാണെന്ന് അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സംസ്ഥാനത്തെ എല്ലാ മന്ത്രിമാരും ഒരു മാസത്തെ ശമ്പളം ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകാൻ തീരുമാനിച്ചിട്ടുണ്ട്. വ്യവസായ, സാംസ്കാരിക രംഗത്തെ പ്രമുഖരും സാമൂഹ്യ പ്രവർത്തകരും ദുരിതാശ്വാസനിധി യിലേക്ക് ധനസഹായം പ്രഖ്യാപിച്ചു. തിരുവനന്തപുരത്ത് നടന്ന രാജ്യാന്തര ഡോക്യൂമെന്ററി ഹ്രസ്വചിത്രമേളയിൽ മികച്ച ചിത്രത്തിന് ലഭിച്ച പുരസ്കാരത്തുകയായ 2,20,000 രൂപ സംവിധായകൻ ആനന്ദ് പട് വർദ്ധൻ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു.

RNU TVPM

==================================

**ദുരിതാശ്വാസ സമാഹരണം**

സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽ വയനാട്ടിലെ ദുരിതബാധിതർക്കുള്ള അവശ്യവസ്തുക്കളുടെ സമാഹരണം ആരംഭിച്ചു. വയനാട്ടിലേക്ക് അവശ്യസാധനങ്ങൾ എത്തിക്കാൻ തിരുവനന്തപുരം കളക്ട്രേറ്റിൽ കളക്ഷൻ സെൻറർ തുറന്നു. സാധനങ്ങൾ ഇതിനകം വാങ്ങിയവർക്ക് കളക്ഷൻ സെൻററിൽ രാവിലെ 10 മുതൽ രാത്രി 10 വരെ എത്തിക്കാവുന്നതാണ്. പഴയ വസ്തുക്കൾ സ്വീകരിക്കില്ല.

==================================

**സന്ദർശനം ഒഴിവാക്കണം**

വയനാട് ഉരുൾ പൊട്ടലുണ്ടായ മേഖലയിലേക്കുള്ള അനാവശ്യ സന്ദർശനങ്ങൾ ഒഴിവാക്കണമെന്ന് സംസ്ഥാന സർക്കാർ. രക്ഷാപ്രവർത്തനത്തിന് തടസ്സമുണ്ടാക്കുന്ന വിധം ദുരന്ത മേഖലയിൽ കാഴ്ചക്കാരായി നിൽക്കുന്ന പ്രവണത ഒഴിവാക്കണമെന്നും പൊതുജനങ്ങളോട് സർക്കാർ അഭ്യർത്ഥിച്ചു. അതേസമയം, വയനാട് ജില്ലയിൽ ശക്തമായ മഴക്കുള്ള സാധ്യത കണക്കിലെടുത്ത് ഉരുൾപൊട്ടൽ സാധ്യതാ പ്രദേശങ്ങളിലും മുൻ വർഷങ്ങളിൽ ഉരുൾപൊട്ടിയ പ്രദേശങ്ങളിലുമുള്ളവർ ജാഗ്രത പുലർത്തണമെന്ന് വയനാട് ജില്ലാ കളക്ടർ അറിയിച്ചു. കുറുമ്പാലക്കോട്ട, ലക്കിടി മണിക്കുന്നു മല, മുട്ടിൽ കോൽപ്പാറ കോളനി, കാപ്പിക്കളം, സുഗന്ധഗിരി, പൊഴുതന പ്രദേശങ്ങളിൽ അതീവ ജാഗ്രത പുലർത്തണം. അപകട ഭീഷണി നിലനിൽക്കുന്നതിനാൽ ക്യാമ്പുകളിലേക്ക് മാറാൻ ആവശ്യപ്പെട്ടിട്ടുള്ളവർ എത്രയും വേഗം മാറണമെന്നും അറിയിച്ചിട്ടുണ്ട്.

RNU TVPM

=================================

**വയനാട് - കേസ്**

വയനാട് ജില്ലയിലെ ഉരുൾപൊട്ടലിൽ ദുരിതമനുഭവിക്കുന്നവർക്ക് സഹായം അഭ്യർത്ഥിച്ചുള്ള മുഖ്യമന്ത്രിയുടെ ഫേസ്ബുക്ക് പോസ്റ്റിനെതിരെ പ്രചാരണം നടത്തിയതിന് പൊലീസ് കേസ് രജിസ്റ്റർ ചെയ്തു. ഭാരതീയ ന്യായ സംഹിതയിലെ 192, 45 വകുപ്പുകൾ, ദുരന്തനിവാരണ നിയമത്തിലെ 51-ാാം വകുപ്പ് എന്നിവ അനുസരിച്ചാണ് വയനാട് സൈബർ ക്രൈം പോലീസ് കേസെടുത്തത്. സാമൂഹ്യമാധ്യമമായ എക്സിൽ കോയിക്കോടൻസ് 2.0 എന്ന പ്രൊഫൈലിൽ നിന്നാണ് പോസ്റ്റ് പ്രചരിപ്പിച്ചത്. തെറ്റിദ്ധാരണ പരത്തുന്ന തരത്തിൽ ഇത്തരം

പോസ്റ്റുകളിടുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നവർക്കെതിരെ ദുരന്തനിവാരണ നിയമപ്രകാരം കർശന നിയമനടപടി സ്വീകരിക്കുമെന്ന് പൊലീസ് അറിയിച്ചു.

==================================

**ആരോഗ്യമന്ത്രി - പകർച്ചാവ്യാധി**

വയനാട്ടിലെ ഉരുൾപൊട്ടലും മറ്റ് ജില്ലകളിലെ ശക്തമായ മഴയും കണക്കിലെടുത്ത് പകർച്ചവ്യാധികൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. എലിപ്പനി സാധ്യത മുൻനിർത്തി വെള്ളത്തിലിറങ്ങുന്ന സന്നദ്ധ പ്രവർത്തകർ ഉൾപ്പെടെ പ്രതിരോധ ഗുളികയായ ഡോക്സിസൈക്ലിൻ കഴിക്കണം. എല്ലാ ആശുപത്രികളിലും അവശ്യ മരുന്നുകളും ആൻറി സ്നേക്ക് വെനവും ഉൾപ്പെടെ ഉറപ്പാക്കാനും മന്ത്രി നിർദേശം നൽകി. രക്ഷാ ദുരിതാശ്വാസ പ്രവർത്തകർ ഗ്ലൗസ്, മാസ്ക്, ബൂട്ട് മുതലായവ ധരിക്കേണ്ടതാണ്.

RNU TVPM

==================================

**മഴ - സംസ്ഥാനം**

സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എറണാകുളം മുതൽ കാസർഗോഡ് വരെയുള്ള ഒൻപത് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. അടുത്ത മണിക്കൂറുകളിൽ പാലക്കാട്, തൃശൂർ, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയുണ്ട്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

==================================

**കോഴിക്കോട് - മഴ - (ഇൻട്രോ)**

കോഴിക്കോട് ജില്ലയിൽ തുടർച്ചയായി ഉരുൾപൊട്ടലുണ്ടായ വിലങ്ങാട് മേഖലയിൽ ഇന്ന് മഴക്ക് അല്പം ശമനം. ഇന്നലെയുണ്ടായ മലവെള്ളപ്പാച്ചിലിൽ വലിയ നാശ നഷ്ടങ്ങളാണ് ഉണ്ടായത്. അതിനിടെ, വിലങ്ങാട് ഉരുൾപൊട്ടലിൽ കാണാതായ ആളുടെ മൃതദേഹം കണ്ടെത്തി. രക്ഷാപ്രവർത്തനത്തിന് എത്തിയ ആളുടെ മൃതദേഹമാണ് കണ്ടെത്തിയത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.....**
**( വോയിസ്....... )**

==================================

**പാലക്കാട് - മഴ**

ചുരം റോഡിൽ മണ്ണിടിഞ്ഞ് ഒറ്റപ്പെട്ട നെല്ലിയമ്പതിയി ലേക്കുള്ള ഗതാഗതം പുനഃസ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി പുരോഗമിക്കുന്നു. റോഡിലേക്ക് വീണ പാറകൾ കഷ്ണങ്ങളാക്കി മാറിക്കൊണ്ടിരിക്കുകയാണ്. പത്ത് കിലോമീറ്ററിനുള്ളിൽ 26 ഇടങ്ങളിലാണ് ചുരം റോഡിൽ മണ്ണിടിഞ്ഞിരിക്കുന്നത്.

RNUTVPM

==================================

**മഴ - കണ്ണൂർ**

കണ്ണൂരിൽ മഴ വീണ്ടും ശക്തമായി. ജില്ലയിൽ ഇപ്പോൾ 16 ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട് .769 പേരാണ് ക്യാമ്പുകളിൽ കഴിയുന്നത്. കഴിഞ്ഞ 24 മണിക്കൂറിനിടെ മൂന്ന് വീടുകൾ പൂർണമായും 33 വീടുകൾ ഭാഗികമായും തകർന്നിട്ടുണ്ട്.

==================================

## വയനാട് - ഫയർഫോഴ്സ്

വയനാട്ടിൽ ഉരുൾപൊട്ടൽ ബാധിത മേഖലയിൽ രക്ഷാപ്രവർത്തനത്തിനായി തിരുവനന്തപുരം ജില്ലയിൽ നിന്ന് 53 അംഗ ഫയർ ഫോഴ്സ് സംഘം പുറപ്പെട്ടു. നാല് ഉദ്യോഗസ്ഥരും 49 ഫയർമാൻമാരും അടങ്ങുന്ന സംഘമാണ് ഒരാഴ്ചത്തെ ദൗത്യത്തിനായി വയനാട്ടിലെത്തുക. കളക്ട്രേറ്റിലെ കളക്ഷൻ സെൻററിൽ സ്വീകരിച്ച അവശ്യസാധനങ്ങളുടെ ആദ്യ ബാച്ചും സംഘം എത്തിക്കും. ഭക്ഷ്യവസ്തുക്കളും മരുന്നുകളും ഉൾപ്പെടെയാണ് ആദ്യബാച്ചിൽ വയനാട്ടിലെത്തിക്കുക.

==================================

## ഇന്ത്യ വിയറ്റ്നാം

മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിൽ എത്തിയ വിയറ്റ്നാം പ്രധാനമന്ത്രി ഫാ മിൻ ചിനുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഉഭയകക്ഷി ചർച്ച നടത്തുന്നു. നിരവധി സുപ്രധാന കരാറുകളിൽ ഇരു നേതാക്കളും ഒപ്പുവയ്ക്കും. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗദീപ് ധൻകർ എന്നിവരുമായും വിയറ്റ്നാം പ്രധാനമന്ത്രി സംവദിക്കും. രാവിലെ രാഷ്ട്രപതിഭവനിൽ വിയറ്റ്നാം പ്രധാനമന്ത്രിക്ക് ഊഷ്മള വരവേൽപ് നൽകിയിരുന്നു.

RNU TVPM

==================================

## പാർലമെൻറ്

പാർലമെൻറിൻറെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. വയനാട് ഉരുൾപൊട്ടൽ ഗുരുതരമായ പ്രകൃതി ദുരന്തമായി പ്രഖ്യാപിക്കണമെന്ന് കോൺഗ്രസ് എംപി ശശി തരൂർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. ഇത് സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായ്ക്ക് കത്തെഴുതിയതായി അദ്ദേഹം പാർലമെന്റിന് പുറത്ത് മാധ്യമങ്ങളോട് പറഞ്ഞു.

==================================

**പാരീസ് ഒളിമ്പിക്സ്**

ഒളിമ്പിക്സിൽ വനിതകളുടെ 50 കിലോ ബോക്സിങ് വിഭാഗത്തിൽ നികത് സരീൻ ഇന്നിറങ്ങും. പുരുഷന്മാരുടെ 50 മീറ്റർ റൈഫിൾ 3 പൊസിഷൻ ഇനത്തിൻറെ ഫൈനലിൽ സ്വപ്നിൽ കുശാലെ മത്സരിക്കും. ഇതേ ഇനത്തിൽ വനിതകളുടെ വിഭാഗത്തിൽ സിഫ്-ത് സമ്ര, അൻജും മൗഡ്-ഗിൽ എന്നിവർ യോഗ്യതാ റൗണ്ടിൽ മത്സരിക്കും. ബാഡ്മിൻറണിൽ ലക്ഷ്യ സെൻ, എച്ച്.എസ് പ്രണോയ്, പി.വി സിന്ധു എന്നിവരും ഇന്ന് കളത്തിലിറങ്ങും. ബാഡ്മിന്റൺ ഡബിൾസിൽ സാത്വിക് സായ്‌രാജ് രങ്കിറെഡ്ഡി - ചിരാഗ് ഷെട്ടി സഖ്യം ക്വാർട്ടർ ഫൈനലിൽ മത്സരിക്കും. ഇന്ത്യ - ബെൽജിയം ഹോക്കി മത്സരവും ഇന്ന് നടക്കും.

RNU TVPM

==================================

**ക്രിക്കറ്റ്**

ഇന്ത്യ - ശ്രീലങ്ക പുരുഷ ഏകദിന ക്രിക്കറ്റ് പരമ്പരയ്ക്ക് നാളെ തുടക്കം. 3 മത്സരങ്ങളുള്ള ഏകദിന പരമ്പരയിലെ ആദ്യ കളി കൊളംബോയിലെ ആർ.പ്രേമദാസ സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം ഉച്ചക്ക് 2:30 ആരംഭിക്കും. രണ്ടാം ഏകദിനം ഈ മാസം നാലിനും അവസാന മത്സരം ഈ മാസം ഏഴിനും നടക്കും. രോഹിത് ശർമ്മയാണ് ഇന്ത്യൻ ടീമിനെ നയിക്കുക.

നേരത്തെ, സൂര്യകുമാർ യാദവിന്റെ നേതൃത്വത്തിൽ ഇന്ത്യ 3-0 ന് ട്വൻറി - 20 പരമ്പര സ്വന്തമാക്കിയിരുന്നു.

==================================

==========================================================

============